പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5009

27.06.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ക്രമവിരുദ്ധമായി ആശ്രിത നിയമനം

ചോദ്യം

ഡോ.എം. കെ. മുനീർ

ഉത്തരം

പിണറായി വിജയൻ
മുഖ്യമന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ വകുപ്പകളിൽ കണക്കിൽ കവിഞ്ഞ ആശ്രിത നിയമനം നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | 24.05.1999 ലെ G.O.(P) No.12/99/P&ARD ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിത നിയമനം നടത്തിവരുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതന് ജീവനക്കാരൻ ജോലിചെയ്തിരുന്ന വകുപ്പിൽ (മാതൃവകുപ്പ്) തന്നെ നിലവിലുള്ളതോ/ ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതോ ആയ ഒഴിവിലേക്ക് നിയമനം നൽകേണ്ടതാണ്. ഇതിന് നിശ്ചിത ക്വാട്ടാ/ശതമാനം നിശ്ചയിച്ചിട്ടില്ല. |
| (ബി) | P&ARD യുടെ G.O.No.12/99 ന്റെ 30-ാം ഇനം പ്രകാരം മരണപ്പെടുന്ന ഉദ്യോഗസ്ഥന്റെ മാതൃവകുപ്പിൽ എത്ര വേണമെങ്കിലും നിയമനം നൽകാം എന്ന ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ക്രമവിരുദ്ധമായി ആശ്രിത നിയമനം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | | |
| (സി) | ക്രമവിരുദ്ധമായി ആശ്രിത നിയമനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ മേൽ ശിക്ഷണനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ